workmen enter the industrial establishment and in all departments thereof where the workmen are employed."

I hope the House will accept this amendment.

HON'BLE MR. A. J. JOHN: I support the amendment.

The amendment was put and carried.

Clause 9 as amended was put and carried.

Clause 9 was added to the Bill.

The question that the schedule stands part of the Bill was put and carried.

The schedule was added to the Bill.

The question that the preamble stands part of the Bill was put and carried.

The preamble was added to the Bill.

The question that the title stands part of the Bill was put and carried.

The title was added to the Bill.

HON'BLE MR. N. KUNJURAMAN: Sir, I move that the Bill be now passed. In doing so I move also the following amendment.

In Clause 1 sub-clause (1) for the figures '112' substitute '1124.'

HON'BLE MR. A. J. JOHN: I second it.

The amendment was put and carried.

The question that the Bill as amended be passed was put and carried,

The Bill as amended was passed.

THE TRAVANCORE TRADE UNIONS ACT (AMENDMENT) BILL.

HON'BLE MR. N. KUNJURAMAN: Sir, I rise to present the report of the Select Committee on the Travancore Trade Unions Act (Amendment) Bill and move that the Bill as revised by the Select Committee be taken up for consideration.

The motion was put and carried and the Bill was taken up for consideration.

CLAUSE 1.

The question whether Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

CLAUSE 2.

MR. P. S. MUHAMMED: Sir, I do not move my first amendment. My second amendment is that in Clause 2 sub-clause (b) should be deleted.

റെക്കഗ്നൈസ്ഡ് യൂണിയനുകളും രജിസ്റ്റേഡ് യൂണിയനുകളും പ്രവർത്തിക്കുന്നുണ്ട്. ടെയിഡ് യൂണിയൻ ആക്ടിൽ രജിസ്റ്റർ ചെയ്യാത്ത യൂണിയനുകളുടെ പ്രവർത്തനം നിരോധിച്ചിട്ടുണ്ട്. അതുകൊണ്ട് സബ് ക്ലാസ്സ് (ബി) ആവശ്യമില്ല. അതു എടുത്തുകളയണമെന്നാണ് എന്റെ ഭേദഗതി. അതു സഭ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

CLAUSE 3.

MR. PONNARA G. SREEDHAR: Sir, I move that in clause 3. sub-clause (a) a new item—"(iii) an association or group of employers; an agent of an employer" may be added.

ഇതിനെപ്പറ്റി കൂടുതൽ ഒന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ബിൽ ഡ്രാഫ്റ്റു ചെയ്തിരിക്കുന്നതുപോലെ പാസ്സാക്കുകയാണെങ്കിൽ തിരുവിതാംകൂറിലെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിനു തന്നെ പുരോഗമിക്കാൻ സാധ്യമല്ലാതെ വരുമെന്നാണു് എനിക്കു തോന്നുന്നതു്. ഞാൻ കൊണ്ടുവന്നിരിക്കുന്നതു് ഒരു പ്രധാനമായ ഭേദഗതിയാണു്. ഈ ഭേദഗതികൊണ്ടു് യാതൊരു ഉപദ്രവവും ഉണ്ടാകുന്നതല്ല. ഇതു് ചേർക്കുന്നതിൽ ബഹുമാനപ്പെട്ട ഗവണ്മെൻറിനു യാതൊരു വിരോധവും ഉണ്ടാകാനിടയില്ലെന്നു വിശ്വസിക്കുന്നു.

MR. A. P. UDAYABHANU: I second the amendment.

HON'BLE MR. N. KUNJURAMAN: ഭേദഗതിയെ എതിർക്കുന്നു കാരണം ബഹു. മെമ്പർതന്നെ പറഞ്ഞു അസോസിയേഷൻ എന്ന പദംകൊണ്ടു വിശേഷം ഒന്നും ഇല്ലെന്നു്. അതുകൊണ്ടു ഈ ഭേദഗതി ആവശ്യമില്ല.

MR. P. S. MUHAMMED : സർ, എംപ്ലോയർ എന്നു പറഞ്ഞാൽ അതു് അസോസിയേഷൻ ആഫ് എംപ്ലോയേഴ്സ് എന്നു് എങ്ങിനെ അർത്ഥമാകും.

HON'BLE MR. N. KUNJURAMAN : ട്രേഡ് യൂണിയൻ ആക്റ്റിൽ എംപ്ലോയർ എന്ന പദത്തിനെ ഡിഫൈൻ ചെയ്തിരിക്കുന്നതു് നോക്കുക. അങ്ങിനെ വരുമ്പോൾ ക്ലാസ്സു് നം. (എ)

"in relation to an industry carried on by or under the authority of any Department of our Government, the authority prescribed in this behalf, or where no authority is prescribed the head of the Department." എന്നാണു്. അതുകൊണ്ടു ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

MR. PONNARA G. SREEDHAR: Sir, I move the following amendment:—

In Clause 3, sub-clause (c), line, 4 after the word "workmen", add the words "agriculture and agricultural operations"

LIBRARY ARCHIVES Kerala Legislative Assembly

ഈ ഭേദഗതിയിൽ മുമ്പുപറഞ്ഞതുപോലെ തകരാറുണ്ടെന്നു സംശയിക്കത്തക്ക യാതൊന്നുമില്ല. ഇതിൽ ഈ നാട്ടിലെ കർഷകരായ തൊഴിലാളികളെ കൂടി ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതി. ഇതിനു മുൻപറഞ്ഞമാതിരിയുള്ള തടസ്സങ്ങളും ഗവണ്മെന്റു പറയുകയില്ലെന്നു വിചാരിക്കുന്നു.

HON'BLE MR. N. KUNJURAMAN : ആ ഭേദഗതി സ്വീകരിക്കാം.

The Amendment was accepted by the House.

MR. PONNARA G. SREEDHAR: Sir, I move the following amendments.

"In clause 3, sub-clause (b) line 1, between the words 'dispute' and "between", insert the words "or difference"; in line 2, at the end and line 3, the words "or between employers and employers" be deleted".

ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു തൊഴിലാളികളെ ബന്ധിക്കുന്ന കാര്യത്തിൽ മുതലാളിമാർ തമ്മിലുള്ള തർക്കങ്ങളും തൊഴിലാളികൾക്കു ദോഷമായി പര്യവസാനിക്കാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്.

അതിനു ഒന്നാമത്തെ ഭേദഗതിയായി ഞാൻ കൊണ്ടുവന്നിരിക്കുന്നതു dispute എന്നുള്ളതിനു പുറമെ difference എന്ന വാക്കുകൂടി ചേർക്കണമെന്നാണ്. dispute ന്റെയും difference ന്റെയും അർത്ഥം മലയാളത്തിൽ പറഞ്ഞാൽ ഒന്നുതന്നെയാണെങ്കിലും ഇംഗ്ലീഷിൽ അല്പം വ്യത്യാസമുണ്ട്. തൊഴിൽ തർക്കങ്ങളും പലതരത്തിലുണ്ടാകും. ചില പ്പോൾ തത്പരമായ അഭിപ്രായവ്യത്യാസങ്ങളാലുണ്ടാകാം. ഈ ബില്ലിന്റെ കർത്താക്കൾക്ക് എല്ലാവിധ തർക്കങ്ങളേയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമെന്നുണ്ടെങ്കിൽ എന്റെ ഈ ഭേദഗതി സ്വീകരിക്കേണ്ടതാണ്.

രണ്ടാമത്, ഈ ആക്ടിൽ, എംപ്ലോയേഴ്സ് തമ്മിലുണ്ടായേക്കാവുന്ന തർക്കങ്ങളെയും, കൂടെ ഇതിന്റെ പരിധിയിൽ വരുത്താതിരിക്കുന്നതിന് വേണ്ടി ഡാഷരാക്കിയിട്ടുള്ള ഒരു ഭേദഗതിയാണ്. ബില്ലിൽ അവരെയുംകൂടി ഉൾപ്പെടുത്തുന്ന ഒരു വ്യവസ്ഥകൂടി ഉണ്ട്. തൊഴിലാളികളെ സംബന്ധിക്കുന്ന കാര്യത്തിൽ, അവർക്കെതിരായ ഒരു തീരുമാനം ഉണ്ടാക്കുവാൻ ഈ വ്യവസ്ഥ മുതലാളികൾക്കു വളരെ ഉപകരിക്കും. മുതലാളിമാർതമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ ഇടക്ക് കുരുങ്ങുന്ന തൊഴിലാളികളെ രക്ഷപ്പെടുത്താൻവേണ്ടിയെങ്കിലും ഈ ഭേദഗതി സ്വീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. K. PATCHU PILLAI : സർ, ഈ ഭേഗതിയെ ഞാൻ പിൻതാങ്ങണമെങ്കിൽ എന്റെ ഒരു സംശയം തീർക്കേണ്ടിയിരിക്കുന്നു. ആ സംശയം തീർന്നതിനുശേഷം ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നോ പ്രതികൂലിക്കുന്നോ എന്നു പറയാം. Or between employers and employers എന്ന ഒരു വാക്ക് ക്ലാസ് നു-ൽ ഉണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ വന്നിട്ടില്ലാത്തതും എന്റെ പ്രവർത്തനത്തിൽ വന്നിട്ടുള്ളതുമായ ചില കാര്യങ്ങൾ എനിക്കു അനുഭവമുള്ളതുകൊണ്ടാണു ചില സംശയമുള്ളത്.

MR. PONNARA G. SREEDHAR : ഞാൻ തൊഴിലാളികളുടെ കാര്യമല്ല പറയുന്നത്. എംപ്ലായറും, എംപ്ലായറും തമ്മിലുള്ള വഴക്കിനെ ഈ ആക്ടിൽ ബന്ധിപ്പിക്കുന്നതു എന്തിനാണെന്നാണു ഞാൻ ചോദിക്കുന്നത്.

MR. A. K. PATCHU PILLAI : You can understand it when I finish my speech.

ഒരു തൊഴിലാളി എ എന്ന എംപ്ലായറുടെ തോട്ടത്തിൽ വേല ചെയ്യുന്നു. അവിടെ അവനു ശരിക്കു ക്ഷികിട്ടുന്നില്ലെന്നുള്ള പരാതിയെ അടിസ്ഥാനമാക്കി അവൻ ബി-യുടെ തോട്ടത്തിലേക്കു പോകുന്നു. ഈ എ-യും ബി-യും കൂടി ഉണ്ടാക്കിയിരിക്കുന്ന ഒരു അസോസിയേഷൻ ഉണ്ട്. തൽക്കാലം പ്ലാന്റേഴ്സ് അസോസിയേഷനാണെന്നു വിചാരിക്കുക. ആ അസോസിയേഷനിൽ ബി-യുടെ തോട്ടത്തിൽ വേലചെയ്തുകൊണ്ടിരിക്കുന്ന ആ തൊഴിലാളിയെ തിരിയെ എ-യുടെ തോട്ടത്തിലേക്കു വിട്ടുകൊടുക്കുവാൻ എ അപേക്ഷിക്കുന്നു. അങ്ങനെ സാധാരണയായി തോട്ടം ഉടമസ്ഥന്മാർ അപേക്ഷകൾ അയയ്ക്കാറുണ്ട്. അങ്ങനെ വരുമ്പോൾ ഈ തൊഴിലാളിയുടെ നില ത്രിശങ്കുസ്വർഗ്ഗത്തിലാണ്. അവനെ എ-യും സ്വീകരിക്കുകയില്ല, ബി-യും സ്വീകരിക്കുകയില്ല. ബി-യുടെ തോട്ടത്തിൽ ജോലിചെയ്യുന്നതിനു കൂലി ശരിയായി കണക്കു തിട്ടപ്പെടുത്തികിട്ടിയിട്ടുണ്ടോ എന്നും എ-യുടെ തോട്ടത്തിൽ അവനു എന്തുകൂലിയാണു കൊടുക്കേണ്ടതെന്നും മറ്റുമുള്ള കാര്യത്തിനു തർക്കങ്ങൾ ഉണ്ടാകും. അങ്ങനെ വരുമ്പോൾ എംപ്ലായറും, എംപ്ലായറും തമ്മിൽതന്നെ അർബിട്രേഷൻ വേണ്ടിവരും. ഇങ്ങനെ അപൂർവ്വം ചില സന്ദർഭങ്ങളിൽ തൊഴിലാളികളെ സ്പർശിക്കുന്ന കാര്യങ്ങൾക്കുവേണ്ടി എംപ്ലായറും എംപ്ലായറും തമ്മിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ അതുകൂടി ഈ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി Or between employers and

LIBRARY ARCHIVES Kerala Legislative Assembly

employers എന്ന വാക്കുകൂടി ഈ വകുപ്പിൽ ഉണ്ടായിരിക്കുന്നതു സഹായകമായിരിക്കുമെന്നാണു എന്റെ അഭിപ്രായം. മി. ശ്രീധർ ആ സംഗതികൂടി പരിഗണിച്ചുകൊണ്ടാണോ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്നു എനിക്കു നിശ്ചയമില്ല.

MR. PANDAVATHU SANKARA PILLAI : സർ, ഒരു പായിന്റ് ആഫ് ഓർഡർ. ഈ ബില്ലിലെ ഏതെങ്കിലും വകുപ്പിനെപ്പറ്റിയോ അല്ലെങ്കിൽ അതിലെ ചില വാക്കുകളെപ്പറ്റിയോ അഭിപ്രായവിനിമയം ഉണ്ടാകുന്നതിനുള്ള സന്ദർഭം ഇതിനു മുൻപുണ്ടായിരുന്നു. ആ നിലക്കു ഇപ്പോൾ അതു ചെയ്യുന്നതിനുള്ള സൗകര്യം കൊടുക്കാമോ?

MR. PRESIDENT : I perfectly agree with Mr. Sankara Pillai. I won't allow that hereafter.

MR. PONNARA G. SREEDHAR : മി. പാപ്പുപിള്ളയുടെ വാദം എന്റെ ഭേദഗതിയെ അവതരിപ്പിക്കുന്ന കാര്യത്തിൽ ശക്തിക്കുറവുണ്ടാക്കുന്നതേയുള്ളൂ. ഏതായാലും എംപ്ലായേഴ്സും എംപ്ലായേഴ്സും തമ്മിലുള്ള വഴക്കിനു ട്രെയിഡ് യൂണിയൻ ആക്ടിനെ ഉപയോഗിക്കേണ്ട ആവശ്യമില്ല. അവരുടെ കാര്യം തീർക്കുവാൻ വേറെ അക്ടുകൾ ഉണ്ടു്.

As the amendment was not supported it was not put to vote. The amendment fell through.

MR. A. P. UDAYABHANU : I move that in Clause 3 (1), line 5, the words beginning with "and workmen" and ending with the words "dispute arises and" may be deleted. This amendment must be read along with my amendments Nos. 10 and 11.

Amendment No. 10 is to add the words "and dispute regarding the recognition of the Trade Union by the employer or employers" after the words "of labour of any person" in the same sub-clause.

Amendment No. 11 is to add after Clause 3 (m), another sub-clause "(n) workmen means all persons employed to Trade or Industry whether or not in the employment of the employer with whom the Trade dispute arises, but shall not include members of the supervisory staff".

In the light of these amendments Clause 3 (1) will read like this :—

> "(1) "trade dispute" means any dispute between employers and workmen or between workmen and workmen or between employers and employers which if connected with the employment or non-employment or the terms of employment of the conditions of labour of any person, and dispute regarding the recognition of the Trade Union by the employer or employers."

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu.]

In this clause, as it is, the definition of workmen makes the whole section a bit clumsy. So, I have sought to delete the definition of workmen there. That is the purport of my amendment. Besides, I have sought to add another item to the trade disputes. That is, any dispute regarding the recognition of Trade Unions by the employer or employers. Under the Travancore Trade Union Act, for the same industry more than one Union can be registered. It is natural that there may be some kind of friction in respect of recognition of Trade Unions. From practical experience we know such quarrels are taking place in Alleppey. There is friction between the union of the Swathantra Union and others. Strikes are the results of these quarrels for recognition. If my amendment is incorporated it would make all possibilities of strikes and industrial disputes more rare.

In amendment No. 11 I have sought to give a separate definition of "workmen".

So, I would request the House to consider these two amendments and accept both of them. Amendment No. 7 can be accepted even without accepting amendment No. 10. They may be separately put to vote.

MR. P. S. NATARAJA PILLAI: I support it.

HON'BLE MR. N. KUNJURAMAN: ഞാൻ ഈ ഭേഗതിയെ എതിർക്കുന്നു. കാരണം "Trade dispute" means any dispute between employers and workmen or between workmen and workmen or between employers and employers which if connected with the employment or non-employment or the terms of employment or the conditions of labour of any person,

എന്നാണ് ക്ലാസ്സ് നു (എൽ) വകുപ്പിൽ പറയുന്നതു്. വർക്കുമെന്നിന്റെ ഡെഫനിഷൻ സ്വീകാര്യമല്ലെങ്കിൽ അതിന്റെ ആലോചനയ്ക്കു വരുമ്പോൾ ഞാൻ പറഞ്ഞുകൊള്ളാം. ഇപ്പോൾ വർക്കുമെൻ എന്ന ക്ലാസ്സ്കൂടി ഇതിന്റെകൂടെ ചേരിക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരാനില്ല. നേരെമറിച്ചു് വർക്കുമെൻ ആരാണെന്നു് ഡഫനിഷൻമൂലം വിശദമാവുകയും ചെയ്യും. ഈ അവസരത്തിൽ ഈ ക്ലാസ് ഭേഗതിചെയ്യേണ്ട ആവശ്യം ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. അതിനാൽ ഈ ഭേഗതിയെ ഞാൻ എതിർക്കുന്നു.

MR. T A. ABDULLA: യൂണിയനെ റക്കഗ്നൈസ് ചെയ്യുന്നതിനെ സംബന്ധിച്ചുള്ള തർക്കം തീർക്കുന്നതിന്റെ ആവശ്യംകൂടി അദ്ദേഹം പറഞ്ഞു. അതിന്റെ മറുപടികൂടി പറയണം.

HON'BLE MR. N. KUNJURAMAN: അതിപ്പോൾ ഇവിടെ ഉദിക്കുന്നില്ല. അതു് ഉദിക്കുമ്പോൾ പറഞ്ഞുകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

MR. A. P. UDAYABHANU: If the Honourable member will consider my definition of 'workmen', I would like to have the ruling of the Chair whether I can talk about my definition about 'workmen'. In Amendment No. 11, I have sought to give a definition of 'workmen'.

MR. PRESIDENT: We shall come to amendment No. 11.

MR. A. P. UDAYABHANU: My difficulty is that the Hon'ble Minister for Labour found great difficulty in accepting my amendment No. 7 on the ground that the definition of 'workmen' in amendment No. 17 is not acceptable. So, I would like to know whether I can talk about my definition about 'workmen'.

MR. PRESIDENT: I will allow you to move it now and then I shall put each separately to vote.

MR. A. P. UDAYABHANU: When taking up the amendments one by one, I will move amendment No. 11. In amendment No 11 I have sought to give the definition of workmen like this: "workmen" means all persons employed in trade or industry whether or not in the employment of the employer with whom the Trade dispute arises, but shall not include members of the supervisory staff". My reasons are these. Trade Union must be composed of workers alone, not members of the supervisory staff. Generally, members of the supervisory staff who are there to enforce discipline in the factory are under the direct control of the management and very often they are a limb of the management. They are a group apart from the ordinary workmen. They are people who have to supervise and see that the workmen are doing the work according to the wish of the management. Their interests are different and very often workers are reluctant to accept into their fold people who form part of the supervisory staff, because they are men who are always something like the key of the management. But this definition of workmen has to be read along with clause 27 C in which there is a regular ban on the recognition of a trade union unless its doors are open to all workmen. In clause (b) we find that it is representative of all the workmen employed by the employer in that industry or those industries. The result will be this. If in an industry there are supervisory staff whose interests the ordinary worker considers to be antagonistic to his interests and the labour considers that it cannot accept them into their fold.

MR. C. KESAVAN (*Quilon I—General*): സൂപ്പർവൈസറി സ്റ്റാഫ എന്നു വിവക്ഷിക്കുന്നതു ആരെയാണു് ?

MR. A. P. UDAYABHANU: സൂപ്പർ വൈസറി സ്റ്റാഫിനെതന്നെ.

MR. C. KESAVAN: അങ്ങനെയല്ലെന്നാണു എന്റെ അറിവു.

MR. A. P. UDAYABHANU: ഉണ്ടെന്നാണു എന്റെ അറിവു.

There are supervisory staffs who are specially deputed by the management to see that their workers are doing their duty, that they put forth their full efforts to carry out their work properly and that the maximum amount of work is extracted out of them. There

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P .Udayabhanu.]

are such people who are in the confidence of the employers or the management. There are such classes of people whose interests may very often conflict with those of the workers and may not be in the good books of the workers. In clause 27 C, sub-clause (b), it is insisted that a trade union, if it must get recognition, must be representative "of all the workmen employed by the employer", So it becomes compulsory that a trade union must accept a supervisory staff who are to enforce discipline. That will create a real difficulty, Very often the management itself may not be very happy to see that these people are there. Both the employers and the employed will not be very happy to see that these people are there. If I remember rightly, some two or three years back, there was a dispute in Quilon—I think it was in the Punalur Paper Mills.

MR. MANNATHU PADMANABHA PILLAI : ഇതിനെ അനുകൂലിച്ചു വോട്ട ചെയ്യൽകൊള്ളാമെന്നുള്ളതുകൊണ്ട് മലയാളത്തിൽ പ്രസംഗിച്ചാൽ കൊള്ളാം.

MR. A. P. UDAYABHANU : ഏതായാലും സമയം ഇതിനുവേണ്ടി കളയാനായിട്ടാണ വച്ചിരിക്കുന്നത്.

MR. THARATHU KUNJITHOMMAN (*Moovattupuzha II General*) : അതുകൊണ്ടാണ് മനസ്സിലാകത്തക്കവണ്ണം മലയാളത്തിൽ പറയണമെന്നു പറഞ്ഞത്. ഓർഡിനിയോഗം ചെയ്യാനുള്ള സമയം ഇതല്ല.

MR. A. P. UDAYABHANU : എന്റെ ഓർമ്മ ശരിയാണെങ്കിൽ രണ്ടുമൂന്നുകൊല്ലം മുമ്പ് പുനലൂർ പേപ്പർമില്ലിൽ ഇതുസംബന്ധിച്ചു ഒരു ഡിസ്പ്യൂട്ട് ഉണ്ടായി. സൂപ്പർവൈസ് സ്റ്റാഫിൽപ്പെട്ട ഒരാളെ എടുത്തു എന്നു പറഞ്ഞാണ് വഴക്കുണ്ടായത്. ഒടുവിൽ ലേബർ ഫെഡ്യൂൽസ് ഇടപെട്ട് സൂപ്പർവൈസറിസ്റ്റാഫിൽനിന്നും ആളെ എടുക്കാൻ പാടില്ലെന്ന് പറഞ്ഞു ആ ഡിസ്പ്യൂട്ട് തീർത്തു. ലേബർ ഡിപ്പാർട്ടുമെന്റ് അതു അക്സപ്റ്റുചെയ്തു.

MR. P. S. MUHAMMED. : ഇന്നുള്ള ട്രേഡ്യൂണിയനുകളിൽതന്നെ അതിന്റെ നേതാക്കന്മാരും പ്രസിഡന്റും മറ്റുമെല്ലാം തൊഴിലാളികളിൽ പെടാത്തവരല്ലേ?

MR. A. P. UDAYABHANU : അങ്ങനെ ആയിരിക്കാം.

MR. P. S. MUHAMMED: അങ്ങനെ ആണെങ്കിൽ നോൺവർക്കേഴ്സ് ആക്ട് പാടില്ലെന്നു വച്ചാൽ കൊള്ളാം.

MR. A. P. UDAYABHANU : അങ്ങിനെ പണ്ടു കൊണ്ടുവന്നിരുന്നെങ്കിൽ നന്നായിരുന്നു പക്ഷേ ഇപ്പോൾ അതുകൊണ്ടു പ്രയോജനം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് പുനലൂർ ഉണ്ടായ ഡിസ്പ്യൂട്ട് വച്ചുകൊണ്ടു നോക്കിയാലും മറ്റു പല സ്ഥലങ്ങളിൽ ഇതു സംബന്ധിച്ച് ചെയ്ത തീരുമാനം അനുസരിച്ച് ആയാലും സൂപ്പർവൈസറി സ്റ്റാഫിനെ എടുക്കാൻ പാടില്ല. അതുകൊണ്ട് കമ്പൽസറി ആയി, കങ്കാണി, മുപ്പൻ മുതലായവരെക്കൂടി ഉൾപ്പെടുത്താൻ ട്രേഡ് യൂണിയനെ നിർബന്ധിക്കാൻ പാടില്ല. അതുകൊണ്ട് മാനേജ്മെന്റിന്റെ ഒരു ഭാഗമായിട്ട് അംഗമെന്ന നിലയിൽ പ്രവർത്തിക്കുന്ന ഈ സൂപ്പർവൈസറി സ്റ്റാഫിനെ എക്സ്ക്ലൂഡ് ചെയ്യേണം തൊഴിലാളി എന്ന നിർവചനം കൊണ്ടുവരാൻ എന്നാണ് എനിക്കു പറയാനുള്ളത്.

MR. P. S. NATARAJA PILLAI: I support it.

MR. P. S. MUHAMMED: ഏതോ ഒരു വലിയ തെറ്റിദ്ധാരണ അദ്ദേഹത്തിനുണ്ടെന്നാണ് എനിക്കു തോന്നുന്നത്. ട്രേഡ് യൂണിയൻ സംബന്ധിച്ച നിയമം ഉണ്ടാക്കുന്നത് മുതലാളിയേയും തൊഴിലാളിയേയും ഉൾപ്പെടുത്തി അതാണ്. സംഘം രജിസ്റ്റർ ചെയ്യുന്നതിനും വർക്ക് ചെയ്യുന്നതിനും നിയമം ഉണ്ടാക്കിയതിനുശേഷം, അവർ സൂപ്പർവൈസിങ്ങ് സ്റ്റാഫിൽപെട്ടവരാണെങ്കിൽ അവരെയും ആ നിയമത്തിൽ ഉൾപ്പെടുത്താവുന്നതാണ്. അതിനെ ഇതുകൊണ്ടു തടയാൻ നിവർത്തിയില്ല. അതുപോലെ ക്ലാർക്കന്മാർക്കും മറ്റും സ്റ്റാഫ് അസോസിയേഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കണം. ഇതു യൂണിയൻ ഉണ്ടാകാനുള്ള ഒരു നിയമം മാത്രമാണ്. തൊഴിലാളിയേയും മുതലാളിയേയും സംബന്ധിച്ചുള്ള മറ്റുകാര്യങ്ങൾക്കു മറ്റു ബിൽ വരുന്നുണ്ട്. യൂണിയൻ ഉണ്ടാക്കാനുള്ള സൗകര്യം കൊടുക്കുക മാത്രമാണ് ഈ ബില്ൽ ചെയ്യുന്നത്. യൂണിയൻ ചേരാനുള്ള സൗകര്യം കൊടുക്കയില്ല എന്നു പറഞ്ഞാൽ അതു കഷ്ടമാണ്. കുറെ തൊഴിലാളികൾക്ക് അവരുടെ മുപ്പന്മാരുടെ കൂടെ ചേരണമെങ്കിൽ ചേരാം, തൊഴിലാളികളല്ലാത്തവരെ ചേർക്കുന്നതിനുവേണ്ടി ഈ ആക്ടിൽ കുറെ റസ്ട്രിക്ഷൻസ് ചെയ്തിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. അങ്ങനെ എക്സിക്യൂട്ടീവിൽകൂടി തൊഴിലാളികളല്ലാത്തവർ ഇരിക്കാമെന്ന നിയമമാണ് നാം കൊണ്ടുവരുന്നത്. ഇവിടെ അതു പാടില്ലെന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഈ നിയമം തന്നെ ട്രേഡ്ഡിസ്പ്യൂട്ട്സ് ഇല്ലാതാക്കാൻ വേണ്ടിയാണ്. ഡിസ്പ്യൂട്ട് ഉണ്ടായശേഷമേ അതു തീർക്കാൻ പാടുള്ളൂ എന്നു പറയുന്നതു അർത്ഥശൂന്യമാണ്. അങ്ങനെയാണ് ഈ അമെൻഡ്മെന്റുകൊണ്ടുവന്നിരിക്കുന്നത്. അതിനാൽ ഞാൻ അതിനെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ഞാൻ ഈ അമൻറുമെൻറിനെ എതിക്കുന്നു. തിരുവിതാംകൂറിലുള്ള പല ട്രേഡ് ഡിസ്പ്യൂട്ട് നിയമങ്ങളും പരിശോധിച്ചുനോക്കിയാൽ സൂപ്രവൈസിംഗ് സ്റ്റാഫ് എന്നുള്ള നിർവചനം അതിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കാണാം.

The amendment No. 7 was put to vote and lost.
Amendment No. 10 was also put to vote and lost.
Amendment No. 11 was then put to vote and lost.
The question that Clause 3 as amended do stand part of the Bill was put to vote and carried.
Clause 3 as amended was added to the bill.
The question that Clauses 4 to 26 do stand part of the Bill was put to vote and carried.
Clauses 4 to 26 were added to the bill.

CLAUSE 27.

MR. A. P. UDAYABHANU; Sir, I move that "in Clause 27 A (1) (a) after "a District Judge or" add "a labour commissioner or asssistant labour commissioner."

ഈ ബില്ലിൻറെ പ്രൊവിഷനുകളിൽ ലേബർകോടതിയിലെ വിധികർത്താക്കളായി നിയമിതരാകുന്നവർ പെൻഷൻ പറ്റിയ ഒരു ജഡ്ജിയും വക്കീലന്മാരിൽനിന്നു ചിലരെയും ആണെന്നു കാണുന്നു. എന്നാൽ ഈ മാന്യന്മാർക്കു നിയമത്തെപ്പറ്റി നല്ല നിശ്ചയമുള്ളവരായിരിക്കും എന്നല്ലാതെ തൊഴിലാളിപ്രശ്നം എന്നു പറയുന്നതു് പച്ചമരുന്നോ അങ്ങാടിമരുന്നോ എന്നു അറിയാൻ പാടില്ലാത്ത ആളുകളാണു്. അതുകൊണ്ടു് തൊഴിലാളികളുടെ ആശയഗതിയും മനോവികാരങ്ങളുമെല്ലാം ഏതുവിധത്തിലാണു് ദൈനംദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്നു അവരുടെ ഇടയിൽ നല്ല തഴക്കവും പഴക്കവുമുള്ളവരും അവരുമായി സമ്പർക്കം പുലർത്താൻ ഉദ്ദേശിക്കുന്നവരുമായ ആളുകളെക്കൂടി ഈ ലേബർ കോടതിയുടെ വിധികർത്താക്കളായി നിയമിക്കേണ്ടതു് ഏറ്റവും ഔത്യാവശ്യമാണു്. ലേബർകമ്മീഷണരും ഇതിൽ ഒരംഗമായിരിക്കേണ്ടതാണു്. പാശ്ചാത്യ പരിഷ്കൃതരാജ്യങ്ങളിലും തൊഴിൽപരമായ ജ്ഞാനം ഉള്ളവരെ ആണു് ഈ കോടതിയിൽ നിയമിക്കാറുള്ളതു്. വക്കീലന്മാരെയും ജഡ്ജിമാരെയും മറ്റും നിയമിക്കുന്ന കാര്യത്തിൽ ഞാൻ എതിരഭിപ്രായം പറയുകയല്ല ചെയ്യുന്നതു്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ അവശതകൾ പരിഹരിക്കുന്നതിനു വേണ്ടിയാണു് ഈ ബില്ലുകൊണ്ടു് ഉദ്ദേശിക്കുന്നതെങ്കിൽ ലേബർകോടതിയിലെ വിധികർത്താക്കളായി ഞാൻ മുൻപു പറഞ്ഞ വ്യക്തികളെക്കൂടി നിയമിക്കണമെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ഈ ഭേദഗതിയെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : സർ, ഞാൻ ഈ ഭേഗതിയെ എതിർക്കുന്നു. മി. ഉദയഭാനുവിന്റെ അഭിപ്രായം അനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ തൊഴിലാളികൾക്ക് ഗുണം ഉണ്ടാകയില്ലെന്നു മാത്രമല്ല, ദോഷവുംകൂടി വരാൻ എളുപ്പമുണ്ട്. കാരണം ഇതൊരു കോടതിയാണ്. കേസുകളെപ്പറ്റി ന്യായാന്യായവിവേചനം ചെയ്യണമെങ്കിൽ ലാ വളരെ നിശ്ചയമുണ്ടായിരിക്കണം. ട്രേഡ് യൂണിയൻ സംബന്ധിച്ചുള്ള ഫാക്റ്റ്സ് അറിഞ്ഞിരിക്കേണ്ടതു് ഇതിന് ഏറ്റവും അത്യാവശ്യമാണ്; എങ്കിലും ഒരു ജഡ്ജിയുടെ സ്ഥാനം അർഹിക്കുന്ന ഒരാളെ വേണം ഈ കോടതിയിലെ വിധികർത്താക്കളിൽ ഒരംഗമായി നിയമിക്കേണ്ടതു്. അതല്ലാതെ, തൊഴിൽപരമായ ജ്ഞാനമുള്ളവരെ ഈ സ്ഥാനത്തു നിയമിക്കണമെന്നു പറയുന്ന മി. ഉദയഭാനുവിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

MR. P. S. MOHAMMED : തൊഴിലാളി യൂണിയനോടും തൊഴിലാളികളോടും സഹകരിച്ചു പ്രവർത്തിക്കത്തക്ക പരിജ്ഞാനമുള്ള ലേബർകമ്മീഷണർക്കോ അദ്ദേഹത്തിന്റെ ആഫീസിലുള്ള ഉദ്യോഗസ്ഥന്മാക്കോ എക്സിക്യൂട്ടീവ് അധികാരം കൊടുത്തു നിയമിച്ചാൽ പോരേ?

HON'BLE MR. N. KUNJURAMAN : അതുപോര.

MR. A. P. UDAYABHANU: സർ, ക്ലാസ്സ് ഡ (ബ)-യിൽ

"That it is representative of all the workmen employed by the employer in that industry or those industries,"

എന്നു പറയുന്നിടത്തു്, "all the workmen" എന്നുള്ളതിനു പകരം "all the workmen or any class of workmen" എന്നു ചേർക്കണമെന്നാണു് എന്റെ ഭേഗതി. ഒരു ട്രേഡ് യൂണിയനു അംഗീകാരം സിദ്ധിക്കാൻ ഈ ഭേഗതിയോടുകൂടി ബില്ലു് പാസ്സാക്കിയില്ലെങ്കിൽ മിക്കവാറും അസാദ്ധ്യമായി വരും. ഒരു ട്രേഡ് യൂണിയനു അംഗീകാരം സിദ്ധിക്കണമെങ്കിൽ അതു് ഒരു വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന എല്ലാ തൊഴിലാളികളേയും പ്രതിനിധീകരിക്കുന്നതായിരിക്കണമെന്നാണ് പറയുന്നതു്. തിരുവിതാംകൂറിലെ സമ്പ്രദായം എങ്ങനെയെന്നു പരിശോധിച്ചാൽ, ഒരു ഫാക്റ്ററിയിലെ എല്ലാത്തരം തൊഴിലാളികളും ഒന്നിച്ചു് സംഘടിച്ചു് ട്രേഡ് യൂണിയനുകൾ ഉണ്ടാകാറില്ല. ഒരു കയർ ഫാക്റ്ററി തന്നെ എടുക്കാം. അവിടെ കൈയ്വേലയെടുക്കുന്ന തൊഴിലാളികളെല്ലാം ഒരു യൂണിയനായി സംഘടിക്കുമ്പോൾ, മെക്കാനിക്കൽ ജോലിക്കാർ, ക്ലാർക്കന്മാർ മുതലായ തുലികപ്പണിക്കാർ പ്രത്യേകം പ്രത്യേകം

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu]

അസോസ്യേഷനുകൾ ഉണ്ടാകുക പതിവാണ്. കൈയ്‌വേലക്കാരും തൂലികപ്പണിക്കാരും മെക്കാനിക്കൽ ജോലിക്കാരുമെല്ലാം പ്രത്യേകം പ്രത്യേകം സംഘടിക്കുന്ന പതിവുള്ളപ്പോൾ എല്ലാ തൊഴിലാളികളേയും പ്രതിനിധീകരിക്കുന്ന യൂണിയനുമാത്രമേ അംഗീകാരം നിലനിൽക്കയുള്ളു എന്നു നിയമം വച്ചാൽ ഒരു യൂണിയനും അംഗീകാരം കിട്ടാൻ സാദ്ധ്യമല്ലെന്നു വരും. അതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി കൊണ്ടു വന്നിട്ടുള്ളതു്. ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ മുഴുവൻ പ്രതിനിധീകരിക്കുന്നതായിരുന്നാൽ അംഗീകാരം ലഭിക്കാൻ അർഹതയുണ്ടായിരിക്കണമെന്നാണു് എന്റെ ഭേദഗതിയുടെ സാരം. ഓരോ തരം തൊഴിലാളികളും വിഭാഗീയമായി സംഘടിക്കുന്നതാണു് ഇവിടത്തെ നടപ്പെന്നു് നമുക്കെല്ലാവർക്കും അറിയാം. ഒരു ഫാക്ടറിയിലെ മൂപ്പന്മാരായാലും കൊള്ളാം, ക്ലർക്കന്മാരായാലും കൊള്ളാം, കൈയ്‌കൊണ്ടു് വേലയെടുക്കുന്നവരായാലും കൊള്ളാം ഇവരെല്ലാം തൊഴിലാളികളാണു്. എന്നാൽ അവരുടെ ആവശ്യങ്ങളും താൽപര്യങ്ങളും വിഭിന്നങ്ങളായിരിക്കും. അതുകൊണ്ടു് അവർക്കു് പ്രത്യേകം പ്രത്യേകം സംഘടിക്കാതെ നിവൃത്തിയില്ല. ആലപ്പുഴ കയർ ഫാക്ടറികളിലാണെന്നുണ്ടെങ്കിൽ, തൂലികപ്പണിക്കാരും മറ്റും ചേർന്നുള്ള സ്റ്റാഫ് അസോസിയേഷനും കൈയ്‌വേലക്കാരുടെ യൂണിയനും ഉണ്ടു്. ഇതിലൊരു യൂണിയനിലും മറ്റു വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തുകയില്ല. സ്റ്റാഫ് അസോസിയേഷൻ മറ്റു വിഭാഗക്കാർക്കു പ്രവേശനം അനുവദിക്കാതെ സംഘടിച്ചു നിൽക്കുന്നതാണു്. അങ്ങനെ വന്നാൽ തൊഴിലാളി യൂണിയനു് അതായതു് കൈയ്‌വേലക്കാരുടെ യൂണിയനു് സ്റ്റാഫ് അസോസിയേഷനുമായി ഉടമ്പടിയുണ്ടാക്കാൻ കഴിഞ്ഞില്ലെന്നു വരും. അതുകൊണ്ടു് ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ മുഴുവൻ പ്രതിനിധീകരിക്കുന്ന ട്രേഡ് യൂണിയനു് അംഗീകാരം നൽകേണ്ടതു് ആവശ്യമാണു്. അതാണു് ഞാൻ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഇപ്പോൾ ഇരിക്കുന്ന പ്രകാരം ഈ ക്ലാസ്സു് ഇരിക്കുകയാണെങ്കിൽ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനുതന്നെ അംഗീകാരം സിദ്ധിക്കാൻ യോഗ്യതകാണുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഈ അവസരത്തിൽ ഒരു യൂണിയനു അംഗീകാരം സിദ്ധിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ക്ലാസ്സു് 2 ഒ (സി) യിലെ വകുപ്പുകളും നോക്കുന്നതു സഹായകമായിരിക്കും.

27 (c) (g) Trade Union shall not be entitled to recoguition by order of a Labour Court under section 27 D unless it fulfils the following conditions, namely:—

LIBRARY ARCHIVES Kerala Legislative Assembly

(b) That it is representative of all the workmen employed by the employer in that industry or those indutsries ഇങ്ങനെയാണ് ഈ ക്ലാസ്സിൽ പറയുന്നത്. ഇനി സബ് ക്ലാസ്സ് (സി) യിൽ പറയുന്നത്

(c) That its rules do not provide for the exclusion from membership of any class of the workmen referred to in clause (b) എന്നാണ്. ഇതും വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരു തൊഴിലാളിയെ അംഗത്വം നൽകാതെ മാറ്റി നിർത്തുവാൻ പാടില്ലെന്നാണ് വ്യവസ്ഥ. ഇന്ന് കയർ ഫാക്ടറി തൊഴിലാളികളുടെ യൂണിയൻ വ്യവസ്ഥകൾ പരിശോധിച്ചാൽ അതിൽ തുലികതൊഴിലാളിക്ക് പ്രവേശനം അനുവദിച്ചിട്ടില്ലെന്നു കാണാം. അതിൽ സാധാരണ കൈയ്വേലക്കാർ മാത്രമേ അംഗങ്ങളാകാവൂ എന്നുണ്ട്. അതുപോലെ സ്റ്റാഫ് അസോസിയേഷനിൽ കൈയ്പ്പണിക്കാർക്കും പ്രവേശനം നിരോധിച്ചിരിക്കുകയാണ്. അങ്ങനെ നോക്കുമ്പോൾ ഈ ക്ലാസ്സിലെ സബ് ക്ലാസ്സ് ബി-യും സി-യും പരസ്പരം ഒഴിച്ചു നിർത്തുന്നതിനുള്ള (mutually exclusive) രണ്ടു വ്യവസ്ഥകളാണെന്നു പറയേണ്ടിയിരിക്കുന്നു. ഏതായാലും ഈ ബില്ല് ഇവിടെ അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർക്ക് ഈ മാതിരി വ്യവസ്ഥകൾകൊണ്ടു ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം കൊടുക്കാതെ പ്രതിബന്ധങ്ങളുണ്ടാക്കിത്തീർക്കണമെന്ന് അഭിപ്രായമില്ലെന്ന് സ്പഷ്ടമാണ്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കുന്നതിൽ ബഹു. മെമ്പർക്ക് ആക്ഷേപമൊന്നുമുണ്ടായിരിക്കുകയില്ലെന്ന് വിശ്വസിക്കുന്നു. യഥാർത്ഥവസ്തുതകളെ നാം അഭിമുഖീകരിക്കുകയാണ് ഈ ഭേദഗതികൊണ്ടു ചെയ്യുന്നത്. യൂണിയൻ പാർലമെന്ററിൽ ഇതു പാസ്സാക്കിയിട്ടുണ്ടെന്ന് പറഞ്ഞേക്കാം. എന്നാൽ ഇവിടെ ആലപ്പുഴയിലെയും മറ്റും നിലയെന്താണെന്ന് അവർ ആലോചിച്ചിരിക്കുകയില്ല. നമുക്ക് അതിനെ മറക്കാനോ അഭിമുഖീകരിക്കാതിരിക്കാനോ സാദ്ധ്യമല്ല. ഇതുകൂടി പറഞ്ഞുകൊണ്ട് ഈ ഭേദഗതി സഭ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

At this stage the shouting of some labour slogans was heard from the visitors gallery

MR. K. K. CHELLAPPAN PILLAI: സർ, എന്റെ സ്നേഹിതൻ മി. ഉദയഭാനു അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഇൻഡ്യൻ യൂണിയനിൽ പാസ്സാക്കപ്പെട്ടതാണ് ഈ ആക്ട്. അതുകൊണ്ടു ഇവിടെയും അതു് അതുപോലെ പകർത്തി പാസ്സാക്കണം, ഭേദഗതിക

LIBRARY ARCHIVES Kerala Legislative Assembly

[M. K. K. Challappan Pilla]

ളൊന്നും പാടില്ല എന്നൊരു മറുപടി പൊതുവെ എല്ലാത്തിനും പറഞ്ഞുവരുന്നതായിട്ടാണു കാണുന്നതു്. ഇൻഡ്യൻ യൂണിയൻ പാർലമെന്റു ഒരുപക്ഷേ ഈ നിയമം ക്രമക്ഷമമായ ചർച്ചയ്ക്കും വാദപ്രതിവാദത്തിനും വിധേയമാക്കാതെ പാസ്സാക്കി എന്നു വരാം. അങ്ങനെ ചെയ്യുകയാണെങ്കിൽതന്നെയും തൽപരകക്ഷികൾ മനഃപൂർവ്വം ഇത്തരം ന്യൂനതകൾ പുറത്തുകൊണ്ടുവരാതെ പാസ്സാക്കിയിരിക്കാം. എതായാലും ഇൻഡ്യൻ യൂണിയനിൽ പാസ്സാക്കി എങ്കിലും അവർ ഇവയുടെ യഥാർത്ഥ വസ്തുതകളെപ്പറ്റി നിശ്ചയമായും ഈ ആക്ടിന്റിൽ പരിഗണിച്ചിട്ടില്ലെന്നുള്ള കാര്യം മറച്ചുവയ്ക്കാൻ നിവൃത്തിയില്ല. ഇന്നു് ആലപ്പുഴയിലും കൊല്ലത്തും ടെയിഡു യൂണിയനുകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടു് എങ്ങനെ എന്നും മറുമുള്ള വസ്തുതകളെപ്പറ്റി പൂർണ്ണമായ ഒരജ്ഞതയാണ് ഈ ബില്ലിന്റെ നിർമ്മിതിയിൽ കാണുന്നതെന്നു് പറയാതിരിക്കാൻ തരമില്ല. ഒരു സ്ഥലത്തുതന്നെ ഒരു കയർ ഫാക്ടറിയും ഒരു കാട്ടൺ മില്ലും ഉണ്ടായിരിക്കും. അവിടെത്തന്നെ ഒരു കശുവണ്ടി ഫാക്ടറിയും ഉണ്ടായിരിക്കും. ഈ വ്യവസായങ്ങളിലെല്ലാം ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഒരു അസോസ്യേഷനായി സംഘടിച്ചുവെന്നു വരാം. അതുപോലെതന്നെ ഓരോതരം ജോലിക്കാരും പ്രത്യേകം പ്രത്യേകം വിഭാഗീയ സംഘടനകളും ഉണ്ടാകുന്നുണ്ടു്. മെക്കാനിക്കൽ സ്റ്റാഫ് ഇപ്പോൾ പല സ്ഥലങ്ങളിലും പ്രത്യേകം യൂണിയനുകൾ ഉണ്ടാക്കി തുടങ്ങിയിട്ടുണ്ടു്. തൊഴിലാളികൾ അതായതു സാധാരണ കൈവേലക്കാരായ കൂലിക്കാർ പ്രത്യേകം അസോസ്യേഷനുകളായി സംഘടിക്കുന്നു. ഇങ്ങനെ ഒരു വ്യവസായത്തിൽ അല്ലെങ്കിൽ ഒരു വ്യവസായശാലയിൽ തന്നെ ഓരോതരം തൊഴിലാളികളും പ്രത്യേകം പ്രത്യേകമായി അസോസ്യേഷനുകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ടെന്നുള്ള വസ്തുത വിഭാവനം ചെയ്തുകൊണ്ടല്ല ഈ ബില്ല് ഡ്രാഫ്റ്റു ചെയ്തിരിക്കുന്നതെന്നുള്ള കാര്യം വളരെ സ്പഷ്ടമാണ്. തൊഴിലാളികൾക്കു് ഉപദ്രവമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി മനഃപൂർവ്വം ഈ (ബി)-യും (സി)-യും സബ് ക്ലാസുകൾ ചേർത്തിരിക്കുകയല്ലേ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ (b)-ം (c)-ം ഞാൻ വായിക്കാം.

(b) "that it is representative of all the workmen employed by the employer in that industry or those industries;

(c) that its rules do not provide for the exclusion from membership of any class of the workmen referred to in clause (b)"

ഇങ്ങനെയാണു് അതിൽ പറഞ്ഞിരിക്കുന്നതു്. ഈ രണ്ടു ക്ലാസ്സുകളും കൂടി ചേരുമ്പോൾ ഒരു ഫാക്ടറിയിലെ എല്ലാത്തരം തൊഴിലാ

LIBRARY ARCHIVES Kerala Legislative Assembly

ളികളും ഒന്നിച്ചു ചേർന്നു സംഘടിച്ചിട്ടുള്ള ഒരു യൂണിയനു മാത്രമേ റെക്ഗ്നിഷൻ കിട്ടുകയുള്ളൂ എന്നു ഒരവസ്ഥ വരുന്നു. എന്റെ സ്നേഹിതൻ മി. ഉദയഭാനു പറഞ്ഞതുപോലെ ഒരു ഫാക്ടറിയിൽ ഒരു ക്ലെറിക്കൽ അസോസ്യേഷനും ഒരു മെക്കാനിക്കൽ സ്റ്റാഫ് അസോസേഷ്യനും മുണ്ടെങ്കിൽ പല കാരണങ്ങളാലും ഇവർ സാധാരണ തൊഴിലാളികളുടെ അസോസ്യേഷനുമായി ഒന്നിച്ചു പ്രവർത്തിച്ചില്ലെന്നുവരാം. അവരിൽ ഓരോ വിഭാഗക്കാരുടേയും നിലയും താൽപര്യങ്ങളും വിഭിന്നങ്ങളായിരുന്നുവെന്നും വരാം. ചരിത്രം ക്രോഡീകരിച്ചാൽ ഇന്നു കാണുന്നതു് ഈമാതിരി വിഭാഗീയസംഘടനകളാണ്. അങ്ങനെയിരിക്കെ ഈ സബ്ക്ലാസുകാരെ അനുസരിച്ചു് യൂണിയൻ റെക്ഗ്നൈസ് ചെയ്യുകയാണുള്ള അവരുടെ ന്യായമായ അവകാശത്തെ നിഷേധിക്കുകയാകും. മി. ഉദയഭാനുവിന്റെ ഭേദഗതി അതിന് പരിഹാരം നൽകുന്നു. ബഹു: മന്ത്രിയും, ഈ സഭയിലെ അംഗങ്ങളും ഇതിന്റെ എല്ലാ വശങ്ങളും ശരിയായി പരിചിന്തിച്ചു് ഈ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

MR. P. S. MUHAMMED : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അതിനുള്ള കാരണം മി: ഉദയഭാനു പറഞ്ഞതുതന്നെയാണ്. ഒരു വ്യവസായത്തിൽ അല്ലെങ്കിൽ ഒരു ബിസിനസിൽ പല തരത്തിലുള്ള ജോലിക്കാർ കണ്ടു എന്നു വരും. ഒരു കയർ ഫാക്ടറിയിൽ മെക്കാനിക്കൽ സ്റ്റാഫും, ക്ലറിക്കൽ സ്റ്റാഫും പ്രത്യേകം പ്രത്യേകം യൂണിയനുകളും ഉണ്ടാക്കുന്നു. ബാക്കിയുള്ള തൊഴിലാളികൾ തന്നെ പലതരം ജോലികളിലായിരിക്കും ഏർപ്പെട്ടിരിക്കുന്നതു്. കയറു പിരിക്കുന്ന സെക്ഷനിലെ തൊഴിലാളികളും നെയ്ത്തു സെക്ഷനിലെ തൊഴിലാളികളും പ്രത്യേകം പ്രത്യേകം യൂണിയനുകൾ ഉണ്ടാക്കാൻ ശ്രമിച്ചു എന്നു വരും. സൂപ്പർവൈസറന്മാരാണെങ്കിൽ പിന്നൊരു യൂണിയൻ ഉണ്ടാക്കാൻ ശ്രമിച്ചു എന്നു വരും. ഇങ്ങനെ എല്ലാ യൂണിയനുകൾക്കും റെക്ഗ്നിഷൻ കൊടുത്തു പ്രവർത്തനം നടത്തുകയാണെങ്കിൽ അതു് പലവിധ കുഴപ്പങ്ങൾക്കും വൈഷമ്യങ്ങൾക്കും കാരണമാകും. ഇനി "all the workmen" എന്നു പറഞ്ഞാലും എല്ലാ തൊഴിലാളികളും ഒന്നിച്ചു് സംഘടിച്ചില്ലെന്നു വരും. ഇപ്പോൾതന്നെ പല സ്ഥലങ്ങളിൽ പരസ്പരം മൽസരിക്കുന്ന യൂണിയനുകൾ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാണു ഞാൻ മറെറാരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhammed]

My amendment is that in clause 27 c, sub-clause (b) in the first line, delete the word 'all' and insert the words "majority of" between the words "representative of" and "the workmen"

അതായത് ഭൂരിപക്ഷം തൊഴിലാളികളേയും പ്രതിനിധീകരിക്കുന്ന യൂണിയനു മാത്രം റെക്കഗ്നിഷൻ കൊടുക്കാമെന്നാണ് എന്റെ ഭേദഗതി.

MR. K. K. CHELLAPPAN PILLAI : ആദ്യം പറഞ്ഞ ഭേദഗതികൊണ്ടു തന്നെ ആ അർത്ഥം വരുന്നില്ലേ?

MR. P. S. MUHAMMED : അതു വരുന്നില്ല. ക്ലറിക്കൽ സ്റ്റാഫ് വർക്കേഴ്സിന്റെ കൂട്ടത്തിൽ പെടുകയില്ല.

MR. K. K. CHELLAPPAN PILLAI : അപ്പോൾ ക്ലറിക്കൽ സ്റ്റാഫ് സംഘടിച്ചാൽ മെജാറിറ്റിയില്ലെങ്കിൽ കൊടുക്കണ്ടാ എന്നാണോ പറയുന്നത്.

MR. P. S. MOHAMMED : 100 ക്ലാർക്കന്മാർ ഉള്ളതിൽ 51 പേർ സംഘടിച്ചാൽ അവർക്ക് അംഗീകാരം കൊടുക്കണം.

MR. T. A ABDULLA : ബാക്കിയുള്ള 49 പേർ വേറെ യൂണിയനായി സംഘടിച്ചാൽ കൊടുക്കണ്ടാ എന്നാണോ പറയുന്നത്?

MR. P. S. MOHAMMED : മെജാറിറ്റി ആർക്കുണ്ടോ അവർക്കു കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. ഒരു ഫാക്ടറിയിലെ ഭൂരിപക്ഷം ആളുകളെ പ്രതിനിധീകരിക്കുന്ന യൂണിയന് കണിശമായും അംഗീകാരം കൊടുക്കണം. അതുകൊണ്ട് എല്ലാ തൊഴിലാളികളും എന്നുള്ളത് മെജാറിറ്റി ആഫ് വർക്കേഴ്സ് എന്ന് ഭേദഗതി ചെയ്യണം. അല്ലാതെയുള്ള ഒരു ചോക്കാണെങ്കിൽ യൂണിയൻകൊണ്ട് പ്രയോജനമില്ലെന്നു വരും. ഒരു ഫാക്ടറിയിൽതന്നെ അഞ്ചോ ആറോ യൂണിയനുകളെ അംഗീകരിക്കേണ്ടിവരും.

MR. K. K. CHELLAPPAN PILLAI : "Any class of workmen" എന്ന ഭേദഗതികൊണ്ട് ആ അർത്ഥം വരുന്നില്ലേ?

MR. P. S. MUHAMMED : അങ്ങനെ പറഞ്ഞാൽ ഒരു കമ്പർ ഫാക്ടറിയിൽ പലതരം ജോലിക്കാർ കാണും. അവരെല്ലാം പ്രത്യേകം പ്രത്യേകം സംഘടിക്കും. അപ്പോൾ അഞ്ചോ ആറോ യൂണിയനുകളെ അംഗീകരിക്കേണ്ടിവരും. അതുകൊണ്ടാണ് ഞാൻ പറയുന്നതു ഭൂരിപക്ഷം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന യൂണിയന് അംഗീകാരം നൽകണമെന്ന്.

At this stage further shouts of labour slogans were heard from the ladies gallery.

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH MALIECKAL: The people who have cried must have entered the hall with the tickets issued by the members of this House. The instruction is that the Hon'ble Members themselves must be responsible for the conduct of the visitors in that gallery. The name of the member who introduced those visitors must be found in their tickets. That needs enquiry any way.

MR. G. CHANDRASEKHARA PILLAI: But they had no tickets with them when they were taken out of the hall.

MR. PRESIDENT: We will make no precedent of this matter. Arrangements will be made for investigating the matter and to see that no repetition of the occurrence takes place.

HON'BLE MR. N. KUNJURAMAN: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഇവിടെ ശ്രീമാൻ കെ. കെ. ചെല്ലപ്പൻപിള്ളയും, ശ്രീമാൻ. ഉദയഭാനുവും സംസാരിച്ചതുകേട്ടു. ഒരു ചിന്താക്കുഴപ്പം അതിനകത്തു് ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ക്ലോ-സി (ബി)യിൽ പറഞ്ഞിരിക്കുന്നതു് "that it is representative of all the workmen employed by the employer in that industry or those industries" എന്നാണു്. ഒരു ഫാക്ടറിയെ ഉദ്ദേശിച്ചല്ല, ഒരേതരം വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഫാക്ടറികളെ എല്ലാം വേത്താണു് ഉദ്ദേശിച്ചിരിക്കുന്നതു്. ഒരു തരം വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കെല്ലാം കൂടി ഒരുമിച്ചു് സംഘടിക്കാം. അവിടെയുള്ള എല്ലാത്തരം workers-നും ഒരു ട്രേഡ് യൂണിയൻ രൂപീകരിച്ചു് പ്രവർത്തിക്കുന്നതിനുള്ള അവസരമുണ്ടു്. പല വ്യവസായങ്ങളിൽത്തന്നെ ഒരേതരം തൊഴിലാളികൾക്കു് ഉണ്ടെങ്കിൽ അവക്കെല്ലാം ഒരുമിച്ചു് സംഘടിക്കുന്നതിനും വിരോധമില്ല.

MR. K. K. CHELLAPPAN PILLAI: ഒരു മില്ലിൽ തന്നെ കുറെ മെക്കാനിക്കൽ ജോലിക്കാർ ഉണ്ടെങ്കിൽ അവക്കു് പ്രത്യേകം സംഘടിക്കുന്നതിനു് ഈ വ്യവസ്ഥ വിഘാതമാകുകയില്ലേ?

HON'BLE MR. N. KUNJURAMAN: ഇൻഡസ്ട്രീ ബേസിസിലാണു് ട്രേഡ് യൂണിയൻ ആർഗനൈസേഷൻ നടക്കുന്നതെന്നാണു് വിചാരിക്കേണ്ടിയിരിക്കുന്നതു്.

(a) "that all its ordinary members are workmen employed in the same industry or in industries closely allied to or connected with one another," എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഇൻഡസ്ട്രിയിലോ ഇൻഡസ്ട്രീസിലോ ഉള്ള മറ്റുതരം ജോലിക്കാർക്കു പ്രത്യേകം സംഘടിക്കുന്നതിനുള്ള അവകാശവും അംഗീകാരവും ഉണ്ടു്. കയർഫാക്ടറി സ്റ്റാഫ് അസോസിയേഷൻതന്നെ നോക്കുക, തൊഴിലാളികളും സ്റ്റാഫും പ്രത്യേകം പ്രത്യേകം സംഘടനകൾ ഉണ്ടാക്കിയിരിക്കുന്നു. (ബി)-യും (സി-യും) തമ്മിൽ പൊരുത്തമില്ലെന്നു പറയുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. P. UDAYABHANU : പൊരുത്തമില്ലെന്നല്ല ഞാൻ പറഞ്ഞത്. (സി) ഉള്ളതുകൊണ്ട് exclusive ആണ് ഞാൻ പറയുന്നത്.

HON'BLE MR. N. KUNJURAMAN : എന്നാണ് ഞാൻ പറയുന്നത്. മി. ഉദയഭാനുപറയുംപോലെ (സി) ഉള്ളതുകൊണ്ട് അതിന്റെ അർത്ഥം അങ്ങനെ അല്ലെന്നാണ്. (ബി)ക്കും, (സി)ക്കും തമ്മിൽ യാതൊരു പൊരുത്തക്കേടും ഇല്ലാത്തതുകൊണ്ട് ഈ അമൻറുമെൻറ് ആവശ്യമില്ല.

MR. P. S. NATARAJA PILLAI : Industry is the expression used. Does it envisage a section employed in that industry or industries. Can they form a separate trade union? That is the only issue now.

HON'BLE MR. N. KUNJURAMAN : ക്ലാസ്സ് 2 (ഡി) 9-ൽ "ഇൻഡസ്ട്രീ ആർ ക്ലാസ്സ് ആഫ് ഇൻഡസ്ട്രീസ്" എന്നു പറഞ്ഞിട്ടുണ്ട്. അതിലെന്താണ് സംശയത്തിനു കാരണമെന്നു മനസ്സിലാകുന്നില്ല.

മി. എ. പി. ഉദയഭാനു അവതരിപ്പിച്ച ഭേദഗതിയേയും മി. പി. എസ്. മഹമ്മദ് അവതരിപ്പിച്ച ഭേദഗതിയേയും ഞാൻ അനുകൊണ്ട് എതിർക്കുന്നു.

MR. A. P. UDAYABHANU : കയർ ഫാക്ടറി തൊഴിലാളികൾക്കും കന്നിട്ട തൊഴിലാളികൾക്കും ഒരുമിച്ച് സംഘടിക്കാമോ?

HON'BLE MR. N. KUNJURAMAN : ഒരേതരം തൊഴിലാളികളാണെങ്കിൽ ഒരുമിച്ച് സംഘടിക്കാം.

MR. K. K. CHELLAPPAN PILLAI "All the workmen" എന്ന് ഒരു പാർട്ടിക്കുലർ ഇൻഡസ്ട്രീയെപ്പറ്റി പറഞ്ഞാൽ ഒരു എക്സ്പ്ലനേഷൻ ഇല്ലാതെ വ്യക്തമാകുമോ?

HON'BLE MR. N. KUNJURAMAN : ഇൻഡസ്ട്രീ ബേസിസിൽ എടുക്കുമ്പോൾ അതിനു യാതൊരു പ്രയാസവുമില്ല. ഒന്നിച്ചു സംഘടിക്കാനുള്ള ഒരവസരമാണ് ഇതുകൊണ്ടുണ്ടാകുന്നത്.

MR. A. P. UDAYABHANU : I am referring to different classes of workers employed in the same industry coming under trade union. That is what you are excluding.

(ഈ അവസരത്തിൽ ഡെപ്യൂട്ടി പ്രസിഡൻറ് അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു.)

HON'BLE MR. N. KUNJURAMAN : അതു exclude ചെയ്യുന്നില്ല. ശ്രീമാൻ ഉദയഭാനു ആവശ്യപ്പെടുന്ന സംഗതികൾക്കു ഇപ്പോൾ ഇരിക്കുന്ന സെക്ഷൻ മതിയാകും. അതു അതുക്കു explanatory ആണ്. അതുകൊണ്ട് ഭേദഗതി ആവശ്യമില്ല.

The amendment was put to vote and lost.

LIBRARY ARCHIVES Kerala Legislative Assembly

MR. A. P. UDAYABHANU: I am moving another amendment in clause 27 D, sub-clause 4, delete the words 'but shall not be bound by' occurring after the words "the labour courts shall have regard to"

ഇപ്പോൾ ഒരു ട്രേഡ് യൂണിയനെ അംഗീകരിക്കണമെങ്കിൽ ഒരു വ്യവസായശാലയിലുള്ള തൊഴിലാളികളുടെ ഇത്ര ശതമാനമെങ്കിലും പ്രസ്തുത യൂണിയനിൽ അംഗങ്ങളായിരിക്കണമെന്ന് ഒരു നിർദ്ദേശം നൽകുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അങ്ങനെ നിർദ്ദേശിക്കുന്ന ശതമാനം, നിർദ്ദേശമായാൽ തന്നെയും അതേപ്പറ്റി പരിഗണിക്കണമെന്നല്ലാതെ അതിനെ അനുസരിക്കുവാനുള്ള ബാദ്ധ്യത ഇല്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ബോംബെയിലെ ഇൻഡസ്ട്രിയൽ റിലേഷൻസ് ആക്ട് ഞാൻ വായിച്ചു നോക്കിയതിൽ ഏതു ശതമാനം പ്രാതിനിദ്ധ്യം എങ്കിലും ഉണ്ടായിരിക്കണമെന്നു വച്ചിട്ടുണ്ട്. അങ്ങനെ വച്ചിരിക്കുന്ന പ്രാതിനിദ്ധ്യം ഉണ്ടെങ്കിൽ മാത്രമേ അംഗീകാരം നൽകാൻ പാടുള്ളുവെന്നും വ്യവസ്ഥ വച്ചിട്ടുണ്ട്. ഇത്രശതമാനം തൊഴിലാളികളുടെ പ്രാതിനിദ്ധ്യമെങ്കിലും അംഗീകരിക്കപ്പെടാൻ പോകുന്ന യൂണിയനു് ഉണ്ടായിരിക്കണമെന്നു് ഒരു വ്യവസ്ഥ വച്ചതിനുശേഷം അതിനുള്ള അംഗീകാരം നൽകുന്ന കാര്യത്തിൽ അധികാരികൾ ബാദ്ധ്യസ്ഥരാകുന്നതിനു വ്യവസ്ഥയില്ലെങ്കിൽ ആ ശതമാനവ്യവസ്ഥ വച്ചതുകൊണ്ടു് ഒരു പ്രയോജനവും ഇല്ലാതാകുന്നു. അതുകൊണ്ടു് ഒരു ശതമാനം നിശ്ചയിച്ചാൽ അതനുസരിക്കാൻ ലേബർ കോർട്ടിനു ബാദ്ധ്യതയുണ്ടായിരിക്കണം. അല്ലെങ്കിൽ പല കുഴപ്പങ്ങളും ഉണ്ടാകും. ട്രേഡ് യൂണിയനുകളിൽ പുതിയ പുതിയ പല ആളുകളും സംഘടനകളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതു്. ഒരു ബോഗസ് ട്രേഡ് യൂണിയനു — അതായതു് യഥാർത്ഥത്തിൽ തൊഴിലാളികളുടെ പ്രാതിനിദ്ധ്യമില്ലാത്ത ഒരു സംഘടനയുടെ — അതു അംഗീകരിക്കപ്പെടുന്നതിനുവേണ്ടി ലേബർകോർട്ടിനെ സമീപിക്കാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ ലേബർകോർട്ടിനു യുക്തമെന്നു തോന്നുമ്പോൾ തൊഴിലാളികളുടെ അഞ്ചോ പത്തോ ശതമാനംപോലും പ്രാതിനിദ്ധ്യമില്ലെങ്കിലും അംഗീകാരം നൽകാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ടു് തൊഴിലാളികളുടെ പ്രാതിനിദ്ധ്യത്തിനുവേണ്ടി പല പുതിയ സംഘടനകളും പ്രസ്ഥാനങ്ങളും മുമ്പോട്ടു വരുന്ന ഈ അവസരത്തിൽ, കമിളകംപോലെ ട്രേഡ് യൂണിയനുകൾ ഉണ്ടാകാൻ സൌകര്യമുള്ള ഈ സന്ദർഭത്തിൽ, ഈ മാതിരി സ്വാതന്ത്ര്യം ലേബർ കോർട്ടിനു നൽകുന്നതു് അഭിലഷണീയമായിരിക്ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. A .P. Udayabhanu.]

കയില്ലെന്നാണ് എനിക്ക തോന്നുന്നത്. അതുകൊണ്ട് തൊഴിലാളികളേ സംബന്ധിച്ചിടത്തോളം സാമാന്യേന എങ്കിലുമുള്ള ഒരു പ്രാതിനിദ്ധ്യ സ്വഭാവമുള്ള ട്രേഡ്യൂണിയനേ മാത്രമേ ലേബർകോർട്ട് അംഗീകരിക്കാവൂ. അതു ശതമാനവ്യവസ്ഥ അംഗീകരിക്കാൻ ലേബർകോർട്ട് നിർബന്ധിതമായിരിക്കണം. അതിനാൽ but shall not be bound by the labour courts എന്നും as may be prescribed എന്നും പറഞ്ഞിരിക്കുന്നതുകൊണ്ട് ശതമാനവ്യവസ്ഥ ചെയ്യുന്നതുകൊണ്ടു പ്രയോജനമില്ല. അതുകൊണ്ട് തോന്നിയതുപോലെ ചെയ്യാനുള്ള ലേബർ കോർട്ട്സിന്റെ സ്വാതന്ത്ര്യം എടുത്തു കളയണമെന്നാണ് എനിക്കു പറയാനുള്ളത്.

HON'BLE MR. N. KUNJURAMAN : ഞൻ ഈ ഭേദഗതിയെ എതിർക്കുന്നു. ട്രേഡ് യൂണിയനെ ലേബർ കോർട്ട് റക്കഗ്നൈസ് ചെയ്യണമെങ്കിൽ ക്ലോസ് 2 ഒ ഇ-യിൽ പറയുന്ന കാര്യങ്ങളെല്ലാം തൃപ്തിപ്പെട്ടിരിക്കണം.

(1) "Any dispute between the employer and the executive of a recognised Trade Union as to whether a conclusion has been arrived at, or whether there has been a charge in circumstances, within the meaning of the sub-section (2) shall be referred to the Registrar.

എന്ത നിർബന്ധമാണ്. റക്കഗ്നൈസ് ചെയ്ക എന്നു പറഞ്ഞാൽ എന്താണ് അതിന്റെ മാനദണ്ഡമെന്നാണ് നാലാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്. 60 ശതമാനമോ അതിൽ കൂടുതലോ ആയിരിക്കണമെന്ന നിർബന്ധമില്ല. ചിലപ്പോൾ പതിനഞ്ചോ പത്തോ ശതമാനം പ്രാതിനിദ്ധ്യം മാത്രമായിപ്പോകും. അതു് എങ്ങനെ വേണമെന്നുള്ളതു് അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന രീതി അനുസരിച്ചായിരിക്കും. ശ്രീമാൻ ഭാനുവർകൾ ബോംബെയിലോ മദ്രാസിലോ 51 ശതമാനം ആളുകൾ അംഗങ്ങളായിരുന്നാൽ റക്കഗ്നിഷൻ കൊടുക്കുമെന്നു പറഞ്ഞു. ഇതിനുള്ള അവകാശം ലേബർകോർട്ട് റിസർവു ചെയ്തുവയ്ക്കുന്നുവെന്നേയുള്ളൂ. But shall not be bound by labour courts എന്നതിനേപ്പറ്റി ശ്രീ ഭാനു അവർകൾ പറഞ്ഞു, മറ്റുള്ള ട്രേഡ് യൂണിയൻസിനേ ഡിസപ്ലേസ് ചെയ്യാനുള്ള സമയത്തും ലേബർകോർട്ടിന്റെ അനുകൂല്യംകൊണ്ടു് സിദ്ധിക്കുമെന്നു്. ഞാൻ ആ ചോദ്യംതന്നെ അദ്ദേഹത്തോടും ചോദിക്കുന്നു. അതു ദോഷത്തിനാണോ ഗുണത്തിനാണോ? ഇപ്പോൾ ട്രേഡ്യൂണിയനുകളെ ഗ്രസിച്ചിരിക്കുന്നതാരാണു് ? പൊളിറ്റിക്കൽ പാർട്ടിസു കൈയടക്കിട്ടുള്ള യൂണിയൻ

LIBRARY ARCHIVES Kerala Legislative Assembly

സാണ് നാം കാണുന്നത്. പൊളിറ്റിക്കൽ അഫിലിയേഷൻസ് ഇല്ലാത്ത സംഘടനകൾക്ക അംഗീകാരം കിട്ടുന്നതിനു പ്രയാസമുണ്ടാ യിരിക്കുമല്ലോ.

പൊളിറ്റിക്കൽ അഫിലിയേഷൻ ഇല്ലാത്ത സ്ഥലങ്ങളിൽ അതിന്റെ അംഗീകാരം കൂടികൊണ്ടു സിദ്ധിക്കും. അതുകൊണ്ട് ഈ ഭേദഗതിയെ എതുക്കയും ഈ ക്ലാസ് ഇതേപടി ഇരിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

The amendment was put to vote and lost.

MR. A. P. UDAYABHANU: In Clause 27 D, sub-clause (4), add the following proviso:

"Provided at any time there will be only one registered Union in respect of the same class of workman in any industry in any local area on the principle that a larger Union will supersede a smaller union:"

That is, the representative organisation must be entitled to deal with the employers. There must be only one recognised union and at the same time it must be holding the field. That can only facilitate the working of the bill. There is only one representative orginisation for the workers to deal with the employers. If there are to be a number of recognised Uuions it will be more inconvenient. They must see their workers getting their fidelity. Then only a number of workers can come in. Now there can be only one Trade Union that can come and talk in the name of the workers.

MR. P. S. NATARAJA PILLAI: I support it.

HON'BLE MR. N. KUNJURAMAN: ഈ ഭേദഗതി ഇതുവരെ പറഞ്ഞ വാദത്തിനെതിരാണ്. ഈ ഭേദഗതികൊണ്ട് അസ്ഥമാകുന്നത്, ഒരു യൂണിയൻ മാത്രമേ ഉണ്ടാകാവൂ എന്നാണ്. എല്ലാ വലിയ യൂണിയനകത്തും അതിൽപ്പെട്ട തൊഴിലാളികൾക്ക് ചിലപ്പോൾ വേണ്ടത്ര സ്വാതന്ത്ര്യം ഉണ്ടായില്ല എന്നു വന്നേക്കാം. ഇവിടെ ഇതേവരെ ഭേദഗതി അവതരിപ്പിച്ച രീതി കണ്ടിട്ട് മി. ഉദയഭാനുവിൽനിന്നും ഇതുമാതിരി ഒരു അമെൻഡുമെൻറ് വരുമെന്നു വിചാരിച്ചിട്ടില്ല. അതു കൊണ്ട് മി. ഉദയഭാനു കൊണ്ടുവന്ന ഈ പ്രൊവിഷന്റെ യാതൊരു ആവശ്യവും ഞാൻ കാണുന്നില്ല. നേരെമറിച്ച് ഒരേ യൂണിയന്റെ ഗ്രൂപ്പുകൾ നാം തടസ്സപ്പെടുത്തുന്നതു ശരിയല്ല എന്നാണ് എനിക്കു തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. N. Kunjuraman.]

The amendment was put to vote and lost.

MR. A. P. UDAYABHANU: I move, "In clause 27 E, sub clause 2, in line 5, delte the word "whether" and the words "or not".

ഈ വകുപ്പനുസരിച്ച് വ്യവസായഉടമസ്ഥന്മാരെ ട്രേഡ് യൂണിയൻ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് സമീപിക്കുന്നതിനും അവരുമായി ചർച്ചകൾ നടത്തുന്നതിനും അഭിമുഖസംഭാഷണങ്ങൾ നടത്തുന്നതിനും എഴുത്തുകുത്തുകൾ നടത്തുന്നതിനും അവകാശം ഉണ്ട്. അതുപോലെ തന്നെ അംഗങ്ങളെ നിയമിക്കുന്നതിനും പിരിച്ചുവിടുന്നതിനെസംബന്ധിച്ചും എഴുത്തുകുത്തുകൾ നടത്തുന്നതിനും ഉള്ള അവകാശവും കൊടുത്തിട്ടുണ്ട്. അങ്ങനെ എഴുത്തുകുത്തുകൾക്ക് മറുപടി അയക്കുന്നതിനുള്ള ബാധ്യതയും വ്യവസായഉടമസ്ഥന്മാരിൽ നിക്ഷിപ്തമായിട്ടുണ്ട്. ഞാൻ ഇപ്പോൾ ഈ വകുപ്പിൽനിന്നും മനസ്സിലാക്കുന്നത് ഒരു മൂന്നു മാസത്തേക്കു വ്യവസായഉടമസ്ഥന്മാർ മറുപടി അയക്കേണ്ട എന്നാണ്. ട്രേഡ് യൂണിയന്റെ നിർവ്വാഹകസമിതി ഉടമസ്ഥന്മാരുമായി എന്തെങ്കിലും ഒരു തീരുമാനം ചെയ്യുന്നതിന് ഒരു പ്രാവശ്യം സാധിക്കാതെ വന്നാൽ പിന്നെ അവരെക്കൂടി ഉൾപ്പെടുത്തി ഒരു ആലോചനക്കുംമറ്റുമായി മൂന്നു മാസത്തേക്ക് സാധിക്കാതെയാണ് വരുന്നത്. അത്രയും കാലം ഈ വ്യവസായഉടമസ്ഥന്മാക്ക് മൗനം അവലംബിക്കാം. സർ, ഈ രണ്ടാംവകുപ്പനുസരിച്ച് ഞാൻ മനസ്സിലാക്കിയത് ഈ ട്രേഡ് യൂണിയൻ എക്സിക്യൂട്ടീവിനെ മുന്നു വിളിച്ചൊക്കെ ചോദിക്കണം, പിന്നെ മൂന്നു മാസത്തേക്ക് മിണ്ടേണ്ട ആവശ്യമേ ഇല്ല. അപ്പോൾ, ഈ വിളിച്ചുചോദിക്കുക എന്ന ഫോർമാലിറ്റി നടത്തിക്കഴിഞ്ഞാൽ പിന്നെ അവക്ക് മിണ്ടേണ്ട ആവശ്യമേ ഇല്ല. എന്റെ അമെൻഡുമെൻറ് അംഗീകരിക്കുകയാണെങ്കിൽ അവരുമായി യോജിച്ച് ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. അപ്രകാരം വ്യവസായഉടമസ്ഥന്മാരും തൊഴിലാളിപ്രതിനിധികളുമായി ആലോചിച്ച് ഏതു കാര്യവും വ്യവസ്ഥചെയ്യുകയാണെങ്കിൽ യാതൊരു വിധമായ കാലതാമസത്തിനും അതുമൂലം ഉണ്ടാകുന്ന അനിഷ്ടസംഭവങ്ങൾക്കും ഇടവരികയില്ല. അതുകൊണ്ട് ഇപ്പോൾ ഈ മുതലാളിമാക്ക് മൂന്നു മാസത്തേക്ക് മൗനം അവലംബിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇല്ലാതാക്കുന്നതിനാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

MR. P. S. NATARAJA PILLAI: I second it.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ഞാൻ ഈ ഭേദഗതിയെയും എതിർക്കുന്നു. ഇതിൽ റ. ഒ —(ഇ) (ഫ്) വകുപ്പ് അനുസരിച്ച് ചില സന്ദർഭങ്ങളിൽ ഈ അവകാശം തൊഴിലാളികൾക്കും വിനിയോഗിക്കാം.

ഈ മൂന്നു മാസക്കാലത്തിനിടയ്ക്കുതന്നെ പരിതഃസ്ഥിതികൾ മാറിവരികയോ അല്ലെങ്കിൽ മുതലാളിമാരും ട്രേഡ് യൂണിയൻ എക്സിക്യൂട്ടീവുമായി തർക്കത്തിൽ അവസാനിക്കുകയോ ചെയ്താൽ ആ വിവരം ഒരു രജിസ്ട്രാരുടെ അടിക്കൽ റഫർ ചെയ്യാമെന്നും അദ്ദേഹത്തിന്റെ തീരുമാനം അവസാനമായിട്ടുള്ളതാണെന്നും അടുത്ത ഉപവകുപ്പിൽ പറയുന്നുണ്ട്.

Clause 27 (E) Sub-section (3)

(3) Any dispute between the employer and the executive of a recognised Trade Union as to whether conclusion has been arrived at, or whether there has been a change in circumstances, within the meaning of sub-section (2) shall be referred to the Registrar whose decision shall be final.

അതുകൊണ്ട് നിശ്ചയമായും ഈ പ്രൊവിഷൻ ആവശ്യമാണ്. അതു് അങ്ങിനെതന്നെ ഇരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ അമെൻഡുമെന്റിനെ എതിർക്കുന്നു.

The amendment was put to vote and lost.

MR. A. P. UDAYABHANU : In clause 27 (F) I have another amendment. In clause 27 (F) (1) line 3 between the words "employer and "may" add "or another Trade Union". The Trade Union may have recognition, according to the strength of its popularity, allegiance of workers etc. When it is in a position to command more loyalty from the workers it may easily displace another one which was already prominent. Naturally strike will be the result as we see among "Swathantra Thozhilali Union" and others. That being the case, one Union which has found favour with the Labour Court might be displaced by the other prominent Union. By this amendment, I have sought to give the Trade Union which has not found favour of the labour court to get that favour at a later date when it is able to command the loyalty of the workers.

MR. P. S. NATARAJA PILLAI : I support it.

HON'BLE MR. N. KUNJURAMAN : ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണുചെയ്യുന്നതു്. ഇതിൽനിർദ്ദേശിച്ചിരിക്കുന്നതു്,

" On receipt of an application under sub-section (1). the Labour Court shall unless it thinks fit to dismiss the application summarily serve notice in the prescribed manner on the Trade Union to show cause why its recognition should not be withdrawn,

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. N. Kunjuraman.]

അങ്ങിനെ അപേക്ഷിക്കുന്നതിന് ഏതു മാനേജ്മെന്റിനും അവകാശമുണ്ടായിരിക്കേണ്ടതാണ്. ഇതിൽ കൂടുതൽ കേട്ടുകൊണ്ടിരിക്കുവാൻ ഉണ്ടോ യിരുന്നാൽ ഒരു ലേബർ കോർട്ടിനു അക്കാര്യത്തെപ്പറ്റി ചർച്ച ചെയ്യാവുന്നതാണ്. ഇപ്പോൾ ഈ ഭേദഗതി വച്ചുകൊണ്ടുനോക്കിയാൽ അതുമൂലം ട്രേഡ് യൂണിയൻ റൈവൽറി ഉണ്ടാകാൻ സാദ്ധ്യതകളുണ്ട്. അതുകൊണ്ട് ഈ ഭേദഗതിയെ എതിർക്കാതിരിക്കുവാൻ നിവൃത്തിയില്ല.

MR. A. P. UDAYABHANU; I call the attention of the Hon'ble Minister to clause (c) "where the Trade Union has ceased to be representative of the workmen referred to in clause (b) of section 27 (c). That being the case, one union which has found favour with the labour court must be displaced by the other one which commands more loyalty from the workers. I have sought by this amendment to give the Trade Union which has not found fovour of the Labour Court to get that favour in course, when it is able to command the loyalty of the workers.

HON'BLE MR. N. KUNJURAMAN: അതു് ഇവിടെ പറഞ്ഞില്ലെങ്കിലും നടക്കുമെല്ലോ.

The amendment was put to vote and lost.

MR. P. S. MUHAMMED; In (F) I have got an amendment. In chapter III (H). in sub-clause 27 (F) in sub-clause (1) (a), the following provision should be added.

Provided that, if the existing registered Trade Unions apply for recognition within 3 months of the passing of this enactment this sub-section will not apply to them".

ഇന്നു് ലോകത്തിലുള്ള എല്ലാ യൂണിയനുകളും വഴിപിഴച്ചു ഒരു നില തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ സ്ട്രൈക്കു തുടങ്ങുന്നതിനു മൂന്നു മാസത്തിനുമുൻപു നോട്ടീസു കൊടുത്തേ സ്ട്രൈക്കു തുടങ്ങാവൂ എന്നുംമറ്റും നിർബന്ധിച്ചിട്ടുള്ളതുകൊണ്ടു് ആ നിബന്ധനകളെ ലംഘിച്ചു പ്രവർത്തിക്കുവാൻ മിക്കപ്പോഴും തൊഴിലാളികൾ തയാറായി എന്നുവരാം. അങ്ങനെയുള്ള ഇറ്റലാരിറ്റീസ് ഒന്നും വകവയ്ക്കാതിരിക്കുവാനും വഴിപിഴച്ചുപോയിട്ടുള്ള ആളുകൾ അവർ ചെയ്ത തെറ്റു മനസ്സിലാക്കി കായ്യങ്ങൾ ശരിയായും മര്യാദയായും തിരിയെ യൂണിയനിൽ ചേർന്നു പ്രവർത്തിച്ചു യൂണിയൻ ശരിയായി മുൻപോട്ടു കൊണ്ടുപോകുന്നതിനും പര്യാപ്തമായ ആ വാദം ഉടച്ചുകളയുകയാണു ഇപ്പോൾ ഈ വകുപ്പു കൊണ്ടു നിവർത്തിച്ചിരിക്കുന്നതു. അതു വരാതിരിക്കുവാൻവേണ്ടിയാണു ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Nobody supported the amendment which therefore fell through.

The question whether Clause 27 do stand part of the bill was put and carried.

The clause was added to the bill.

The question whether Clauses 5 and 6 stand part of the bill was put and carried.

The clauses were added to the bill.

The question whether the preamble stands part of the bill was put and carried.

The preamble was added to the bill.

The question whether the title stands part of the bill was put and carried.

The title was added to the bill.

The House adjourned at 4-35 p. m.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly